തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നാൽപ്പതാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ

## തിരൂർ, 2019 ഫെബ്രുവരി 11, രാവിലെ 10.30

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. എ.കെ. നമ്പ്യാർ
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി ഗീത കെ. (അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യവകുപ്പ്)
5. ശ്രീ വിജയകുമാർ ആർ. (ജോയിൻറ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്)
6. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
7. ഡോ. സി.പി. അച്ചുതനുണ്ണി
8. ഡോ. സി.പി. ചിത്രഭാനു
9. ശ്രീ ഹരികൃഷ്ണപാൽ വി.വൈ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതയായിരുന്നു.

### യോഗനടപടികളും തീരുമാനങ്ങളും

ബഹു. വൈസ് ചാൻസലറുടെ ആമുഖത്തോടെ 10.30 ന് യോഗം ആരംഭിച്ചു.

ഇനം **1/40**

### മുപ്പത്തിഒമ്പതാമത് നിർവാഹകസമിതിയോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 1/40** 1/40 ആയി നൽകിയിട്ടുള്ള മിനിറ്റ്സ് പരിശോധിച്ചതിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയായ ശ്രീ വിജയകുമാർ ആർ. 7/39 ൽ 'തുക നൽകിയ നടപടിക്ക് അംഗീകാരം' തേടണമെന്ന് എഴുതിയത് സർക്കാരിന്റെ അംഗീകാരം എന്നു കൂട്ടിച്ചേർക്കാൻ നിർദ്ദേശിച്ചത് അനുസരിച്ച് കൂട്ടിച്ചേർത്തു.

2/39 സാധൂകരിച്ചു എന്നതിന്മേൽ തുടർചർച്ചകൾ ഉണ്ടായി. സർക്കാരിന്റെ അനുമതിക്ക് എഴുതിയാൽ പോരാ. അനുമതി ലഭിച്ച ശേഷമേ പോകാവൂ എന്ന വ്യവസ്ഥ ധനകാര്യവകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി ചൂണ്ടിക്കാണിച്ചു. ഇതനുസരിച്ച്

സർക്കാരിലേക്ക് വീണ്ടും കത്തെഴുതണമെന്ന് നിർവാഹകസമിതിയിലെ സർക്കാർ പ്രതിനിധികൾ മൂന്നുപേരും ആവശ്യപ്പെട്ടു.

4/39, കോസ്റ്റ്ഫോർഡ് വഴി കെട്ടിടനിർമാണ പ്രവൃത്തികൾ നടത്തിക്കുമ്പോൾ സൂപ്പർവിഷൻ സർവകലാശാലയുടെ ടെക്നിക്കൽ കമ്മിറ്റിയെ ഏൽപിച്ചു ഗുണമേന്മ ഉറപ്പുവരുത്തണം.

ഇനം 1/40 ചർച്ച ചെയ്തു അംഗീകരിച്ചു.

നിർവാഹകസമിതിയോഗം നടക്കുമ്പോൾ പ്രക്ഷോഭങ്ങൾ സർവകലാശാല കെട്ടിടത്തിനകത്ത് അനുവദിക്കാൻ പാടില്ലെന്നും പ്രവേശനകവാടത്തിന് വെളിയിൽ സമരം ചെയ്യുന്നതിനേ അനുവദിക്കാവൂ എന്നും ആവശ്യമെങ്കിൽ പോലീസിന്റ സഹായം സർവകലാശാല തേടണമെന്നും നിർദ്ദേശിക്കപ്പെട്ടു.

ഇനം **2/40**

## മുൻതീരുമാനങ്ങളിന്മേലുള്ള തുടർനടപടികൾ

**തീരുമാനം 2/40** ചർച്ച ചെയ്തു അംഗീകരിച്ചു.

ഇനം **3/40**

## വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 3/40** വൈസ് ചാൻസലറുടെ റിപ്പോർട്ട് വായിച്ച് അവതരിപ്പിച്ചു. ഓരോ വിഷയവും വിശദമായി ചർച്ച ചെയ്തു.

1. കോഴ്സുകളുടെ പുനഃക്രമീകരണം സംബന്ധിച്ച് ഇതുവരെ ചെയ്ത കാര്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിച്ചു. അവയ്ക്ക് നിർവാഹകസമിതി അംഗീകാരം നൽകി. അദ്ധ്യാപകരുടെ പുനർവിന്യാസത്തെക്കുറിച്ച് വിശദമായ ചർച്ച വേണമെന്നും 26-02-2019 ന് രാവിലെ 10.30 നു സ്റ്റാഫ് & ഫിനാൻസ് ഉപസമിതിയോഗം വിളിച്ചുചേർക്കണമെന്നും തീരുമാനിച്ചു.

2. സർവകലാശാലയുടെ സാമ്പത്തിക പരിമിതികൾ സർക്കാരിനെ അറിയിക്കുന്നതിനുവേണ്ടി നിർവാഹകസമിതിയുടെ പ്രതിനിധിസംഘം മുഖ്യമന്ത്രി, ധനകാര്യവകുപ്പുമന്ത്രി, ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി എന്നിവരെ നേരിൽകണ്ട് നിവേദനം നൽകി സംസാരിക്കണമെന്ന് തീരുമാനിച്ചു. (വി.സി.യുടെ പ്രൈവറ്റ് സെക്രട്ടറി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരും നിർവാഹകസമിതി അംഗങ്ങളായ ഡോ. ചാത്തനാത്ത് അച്ചുതനുണ്ണി, ഡോ. സി.പി. ചിത്രഭാനു എന്നിവരും പ്രതിനിധി സംഘത്തിൽ ഉണ്ടാവണം)

3. ശ്രേഷ്ഠഭാഷാകേന്ദ്രം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലകെട്ടിട സൗകര്യങ്ങൾ ഏർപ്പാടാക്കുന്നത് സംബന്ധിച്ച്:-

നിലവിലുള്ള താൽക്കാലിക കാമ്പസിൽ 2.30 കോടി രൂപ മൂല ധനം മുടക്കി കെട്ടിടം പണിയേണ്ടതുണ്ടോ എന്ന കാര്യം പ്രതി നിധിസംഘം സർക്കാരിനോട് അന്വേഷിക്കേണ്ടതാണ്. സർക്കാ രിന്റെ അനുമതി ലഭിച്ചതിന് ശേഷമേ കെട്ടിടം നിർമ്മിക്കാവൂ. തുഞ്ചൻ മെമ്മോറിയൽ കോളേജിന്റെ ഭൂമിയിൽ നിന്നും സർവ കലാശാലക്ക് വിട്ടുതന്ന 5 ഏക്കർ സ്ഥലം സ്ഥിരമായി മലയാ ളസർവകലാശാലയ്ക്കു ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു. നാടിന്റെ വികസനപദ്ധ തിയായി എല്ലാ വിഭാഗം ആളുകളുടേയും സഹകരണത്തോടും സഹവർത്തിത്വത്തോടും കൂടി ശ്രേഷ്ഠഭാഷാ മികവു കേന്ദ്ര ത്തിന്റ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കണം.

4. പരീക്ഷാ സംബന്ധമായി വിദ്യാർത്ഥികൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ പരീക്ഷാ ഉപസമിതി ചർച്ച ചെയ്തു തയ്യാറാക്കുന്ന റിപ്പോർട്ട് അക്കാദമിക് കൗൺസിലിൽ വെച്ച് തീരുമാനം എടുത്ത ശേഷം നിർവാഹകസമിതിയിൽ ഇനമായി ചർച്ച ചെയ്താൽ മതിയെന്ന് തീരുമാനിച്ചു. ഈ വിഷയം ഗവേഷണ കൗൺസിൽ യോഗവും ചർച്ച ചെയ്യേണ്ടതാണെന്ന് തീരു മാനിച്ചു.

ഇനം **4/40**

## പരിസ്ഥിതി പഠനബോർഡ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 4/40** അംഗീകരിച്ചു.

ഇനം **5/40**

## മലയാളസർവകലാശാലയിലെ ധനകാര്യസമിതിയുടെ രൂപീകരണം സംബന്ധിച്ച്

**തീരുമാനം 5/40** സമിതിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

1. വൈസ് ചാൻസലർ
2. ഡോ. സി.പി. ചിത്രഭാനു
3. ധനകാര്യവകുപ്പ് സെക്രട്ടറി
4. ഫിനാൻസ് ഓഫീസർ
5. (കേസിന്റെ വിധി വരുന്നതനുസരിച്ച തെരഞ്ഞെടുക്കപ്പെ ടുന്ന അദ്ധ്യാപക അംഗങ്ങളിൽ നിന്നും ഒരാൾ)

ഇനം
**6/40**

**സർവകലാശാലയിലെ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കരാർ പുതുക്കുന്ന വിഷയവും, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന വിഷയവും, ദിവസക്കൂലിക്ക് ജോലി ചെയ്തുവരുന്നവരുടെ വേതന വർദ്ധനവും പരിഗണിച്ച് തീരുമാനം എടുക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം 6/40** ഇത് സ്റ്റാഫ് & ഫിനാൻസ് ഉപസമിതി വിശദമായി പഠിക്കേണ്ടതാണെന്ന് തീരുമാനിച്ചു. അതനുസരിച്ച് 26.02.19 ന് രാവിലെ 10.30 ന് യോഗം ചേരാൻ തീരുമാനിച്ചു.

സ്റ്റാഫ് & ഫിനാൻസ് കമ്മിറ്റിയിൽ
1. ഡോ. സി.പി. ചിത്രഭാനു
2. ധനകാര്യവകുപ്പ് സെക്രട്ടറി
3. രജിസ്ട്രാർ
4. ഫിനാൻസ് ഓഫീസർ
5. വി.സി.യുടെ പ്രൈവറ്റ് സെക്രട്ടറി

എന്നിവർ അംഗങ്ങളായിരിക്കും.

ഇനം
**7/40**

**പ്രോജക്റ്റ് സ്റ്റാഫിന്റെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 7/40** ഓരോ പ്രോജക്ടിന്റെയും കാലാവധി, അനുവദിച്ച തുക, ചെലവായ തുക, ഔട്ട്പുട്ട് എന്നിവ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. പ്രോജക്ട് സംബന്ധിച്ചുള്ള പഠനത്തിന് രൂപീകരിച്ച ഉപസമിതിയിൽ

1. ഡോ. ചാത്തനാത്ത് അച്യുതനുണ്ണി (കൺവീനർ)
2. ഡോ. സി.പി. ചിത്രഭാനു
3. ധനകാര്യവകുപ്പ് സെക്രട്ടറി
4. രജിസ്ട്രാർ
5. ഫിനാൻസ് ഓഫീസർ

എന്നിവർ അംഗങ്ങളായിരിക്കും. 26/2/2019 ന് വൈകിട്ട് 3 മണിക്ക് യോഗം ചേരാൻ തീരുമാനിച്ചു.

എല്ലാ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് കമ്മിറ്റിക്ക് കൈമാറേണ്ടതാണെന്നും തീരുമാനിച്ചു.

ഇനം
**8/40**

**സംസ്കാരപൈതൃകപഠനവകുപ്പ് പുനഃസംഘടനയ്ക്ക് ശേഷം മലയാളം (സംസ്കാരപൈതൃകപഠനം) ചരിത്ര പൈതൃകം വകുപ്പുകളാക്കി മാറ്റുന്ന സാഹചര്യത്തിൽ, സംസ്കാരപൈതൃകപഠനവകുപ്പിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച്.**

**തീരുമാനം 8/40** സംസ്കാരപൈതൃകപഠനവകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് അദ്ധ്യാപകരുടെ തസ്തിക മാറ്റവും നിയമനവുമടക്കമുള്ള കാര്യങ്ങൾ സർക്കാരിലേക്ക് എഴുതി മുൻകൂർ അനുമതി വാങ്ങി നടപ്പിലാക്കണമെന്ന് തീരുമാനിച്ചു.

ഇനം
**9/40**

**കേരളഭാഷാ വൈവിധ്യ പഠനഗവേഷണ കേന്ദ്രം രൂപീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 9/40** ഇക്കാര്യം വിശദമായി ചർച്ച ചെയ്തശേഷം അപേക്ഷ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

യോഗനടപടികൾ ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്